**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4820** **13-03-2023 - ൽ മറുപടിയ്ക്ക്**

**വിദ്യാതീരം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാതീരം പദ്ധതിയെക്കുറിച്ച് വിശദീകരിക്കാമോ; | (എ) | കേരളത്തിൽ സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ വികസന മുഖ്യധാരയിൽ എത്തിക്കുന്നതിനായി ബി.ഐ.എഫ്. & എച്ച്.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി 'വിദ്യാതീരം' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. സൗജന്യ റസിഡൻഷ്യൽ മെഡിക്കൽ എൻട്രൻസ് പരിശീലനം, സിവിൽ സർവ്വീസ് പരീക്ഷയ്ക്കുള്ള പരിശീലനം, എൻ.ഐ.ടി./ഐ.ഐ.ടി. എൻട്രൻസ് പരിശീലനം, മാതാപിതാക്കൾ മരണപ്പെട്ട കുട്ടികളെ ദത്തെടുക്കൽ പദ്ധതി, വിദ്യാഭ്യാസ ഗ്രാന്റ് വിതരണം, കരിയർ ഗൈഡൻസ്, ഫിഷറീസ് വകുപ്പിനു കീഴിലുള്ള 10 റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾക്കായി പ്രവർത്തന തുക അനുവദിക്കൽ, റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളുടെ കായിക അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ, റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളെ മികവിന്റെ കേന്ദ്രമാക്കാൻ അടിസ്ഥാന സൗകര്യം ഉയർത്തൽ തുടങ്ങിയവ ഉൾപ്പെട്ടതാണ് 'വിദ്യാതീരം' പദ്ധതി. |
| (ബി) | ഈ പദ്ധതിയിൽ ഏതൊക്കെ മേഖലകളിലാണ് പരിശീലനം നൽകുന്നതെന്ന് അറിയിക്കുമോ; | (ബി) | കേരളത്തിൽ സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ വികസന മുഖ്യധാരയിൽ എത്തിക്കുന്നതിനായി ബി.ഐ.എഫ്. & എച്ച്.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി 'വിദ്യാതീരം' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. സൗജന്യ റസിഡൻഷ്യൽ മെഡിക്കൽ എൻട്രൻസ് പരിശീലനം, സിവിൽ സർവ്വീസ് പരീക്ഷയ്ക്കുള്ള പരിശീലനം, എൻ.ഐ.ടി./ഐ.ഐ.ടി. എൻട്രൻസ് പരിശീലനം, മാതാപിതാക്കൾ മരണപ്പെട്ട കുട്ടികളെ ദത്തെടുക്കൽ പദ്ധതി, വിദ്യാഭ്യാസ ഗ്രാന്റ് വിതരണം, കരിയർ ഗൈഡൻസ്, ഫിഷറീസ് വകുപ്പിനു കീഴിലുള്ള 10 റീജിയണൽ ഫിഷറീസ് ടെക്നിക്കൽ |

| | | | |
|---|---|---|---|
| | | | സ്കൂളുകൾക്കായി പ്രവർത്തന തുക അനുവദിക്കൽ, റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളുടെ കായിക അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ, റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളെ മികവിന്റെ കേന്ദ്രമാക്കാൻ അടിസ്ഥാന സൗകര്യം ഉയർത്തൽ തുടങ്ങിയവ ഉൾപ്പെട്ടതാണ് 'വിദ്യാതീരം' പദ്ധതി. |
| (സി) | 2022-23 കാലയളവിൽ എത്ര രൂപയാണ് പ്രസ്തുത പദ്ധതിയ്ക്കായി മാറ്റിവെച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | 2022-23 കാലയളവിൽ വിദ്യാതീരം പദ്ധതിയ്ക്കായി 13 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ